# MALANKARA ORTHODOX SYRIAN CHURCH

## AKHILA MALANKARA BALASAMAJAM

**Office : St.Thomas Aramana, Pazhavangadi P.O.,Ranni, Pin: 689673**

**Email : Orthodoxbalasamajam@gmail.com**

**Fr.Rinju.P.Koshy**
**General Secretary**
**Mob: 9496321455**


## ബാലസമാജം കേന്ദ്ര കലാമേള ആഗസ്റ്റ് 13-ന്

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഖില മലങ്കര ബാലസമാജത്തിന്റെ കേന്ദ്ര കലാമേള ആഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച രണ്ട് സോണുകളിലായി നടത്തപ്പെടുന്നു. തിരുവനന്തപുരം മുതൽ നിരണം വരെയുള്ള 9 ഭദ്രാസനങ്ങൾ ഉൾക്കൊള്ളുന്നതായ തെക്കൻ സോണിന്റെ കലാമേള അടൂർ സെന്റ് മേരീസ് കോൺവെന്റിൽ വച്ച് ബാലസമാജം പ്രസിഡന്റ് അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ അടൂർ കടമ്പനാട് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. കോട്ടയം മുതൽ ബത്തേരി വരെയുള്ള 11 ഭദ്രാസനങ്ങൾ ഉൾക്കൊള്ളുന്നതായ വടക്കൻ സോണിന്റെ കലാമേള കൊരട്ടി സെഹിയോൻ അരമനയിൽ വച്ച് ബാലസമാജം വൈസ്പ്രസിഡന്റ് റവ.ഫാ.ജെയിംസ് മർക്കോസിന്റെ അദ്ധ്യക്ഷതയിൽ കൊച്ചി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ആക്ഷൻ സോങ്, ബൈബിൾ കഥാകഥനം, പെയിന്റിങ്, സുറിയാനി ലളിത ഗാനം, പ്രസംഗം, ബൈബിൾ കഥാ രചന, ബൈബിൾ പദ്യപാരായണം, ബൈബിൾ കഥാപ്രസംഗം, ഉപന്യാസം, ക്വിസ് എന്നീ വിഷയങ്ങളിലായി ഭദ്രാസനതലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ നാനൂറിലേറെ കുട്ടികൾ മത്സരത്തിൽ പങ്കെടുക്കും. കേന്ദ്ര കമ്മറ്റി വൈസ് പ്രസിഡന്റ് റവ.ഫാ.ജെയിംസ് മർക്കോസ്, ജനറൽ സെക്രട്ടറി റവ.ഫാ.റിഞ്ചു പി.കോശി, ജോയിന്റ് സെക്രട്ടറിമാരായ ശ്രീ.ജേക്കബ് മാത്യു, ശ്രീമതി ആനി ജോൺ, ട്രഷറർ ശ്രീ.ഷൈജു ജോൺ എന്നിവരോടൊപ്പം ഭദ്രാസന ജനറൽ സെക്രട്ടറിമാർ ജോയിന്റ് സെക്രട്ടറിമാർ എന്നിവരെ ഉൾപ്പെടുത്തി വിവിധ കമ്മറ്റികൾ രൂപീകരിച്ച് ഒരുക്കങ്ങൾ നടന്നു വരുന്നു.